(ഡി&ഇ) ടി സർവ്വീസ് ഇപ്പോൾ 09.20 മൂന്നാർ-എറണാകുളമായി സർവ്വീസ് നടത്തിവരികയാണ്. ലാഭകരമായിട്ടാണ് ഈ സർവ്വീസ് ഇപ്പോൾ നടത്തി വരുന്നത്. ആയതിനാൽ ഈ സർവ്വീസ് ചെറായിലേക്ക് നീട്ടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ജൻറം ബസ്സുകൾക്കായി കമ്പനി

232 (4567) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൻറം ബസ്സുകൾക്കായി കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ കമ്പനി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കമ്പനിയുടെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) കമ്പനിയുടെ ഘടനയും പ്രവർത്തനരീതിയും എങ്ങനെയായിരിക്കണ മെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) കമ്പനിയുടെ പ്രവർത്തനത്തിനായി കേന്ദ്ര നഗരവികസന വകുപ്പ് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജൻറം ബസ്സുകളുടെ നടത്തിപ്പിനായി കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.യു.ആർ.ടി.സി.) എന്ന പേരിൽ കെ.എസ്.ആർ.ടി.സി.-യുടെ സബ്സിഡിയറി കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ ജൻറം പദ്ധതി പ്രകാരം അനുവദിച്ച ബസ്സുകളുടെ സർവ്വീസ് നടത്തിപ്പ്, ബസ്സുകളുടെ പരിചരണം, ഇവയുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയാണ് കെ.യു.ആർ.ടി.സി.-യുടെ ലക്ഷ്യങ്ങൾ.

(സി) കെ.എസ്.ആർ.ടി.സി.യുടേതുപോലെ ഒരു ഭരണ സമിതിയും ഭരണ സംവിധാനവുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ തന്നെയാണ് കെ.യു.ആർ.ടി.സി.-യുടെ

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ആയി പ്രവർത്തിക്കുന്നത്. കെ.യു.ആർ.ടി.സി.-യുടെ ഭരണസിമിതിയിൽ കെ.എസ്.ആർ.ടി.സി. ഭരണസമിതി അംഗങ്ങളെ കൂടാതെ നഗരവികസനകാര്യ വകുപ്പ് പ്രതിനിധിയെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. 1950-ലെ Road Transport Corporation Act പ്രകാരമാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

(ഡി) പദ്ധതി ചെലവിന്റെ 80 ശതമാനം കേന്ദ്രനഗര വികസന വകുപ്പാണ് വഹിക്കുന്നത്. ആദ്യഘട്ടമായി 320 ബസ്സുകൾ (80 എ.സി. ബസ്സുകളും 240 നോൺ എ.സി. ബസ്സുകളും) രണ്ടാം ഘട്ടത്തിൽ 400 ബസ്സുകളും (110 എ.സി. ബസ്സുകളും 290 നോൺ എ.സി. ബസ്സുകളും) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജൻറം ഒന്നാം ഘട്ടത്തിൽ 78.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ബസ്സുകൾ വാങ്ങുന്നതിന് 154.4 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് 16.31 കോടി രൂപയും കേന്ദ്ര നഗരവികസന വകുപ്പാണ് അനുവദിക്കുന്നത്.

വാണിജ്യ സമുച്ചയങ്ങളുടെ പ്രവർത്തനം

233 (4568) ശ്രീ. എളമരം കരീം :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ സമുച്ചയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ ; ഏതെല്ലാം സ്ഥലങ്ങളിലായിരുന്നു വാണിജ്യ സമുച്ചയ പദ്ധതികൾ ആവിഷ്കരിച്ചിരുന്നത് ; അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണ് ; ഓരോ പദ്ധതിക്കും ലക്ഷ്യമിട്ടിരുന്ന തുക എത്ര ; ഇതിനകം ചെലവായതെത്ര ;

(ബി) തമ്പാനൂർ ബസ് ടെർമിനൽ ഉദ്ഘാടനം ചെയ്തത് എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയതിനുശേഷമായിരുന്നുവോ ; ഉദ്ഘാടനത്തിനുശേഷം നടന്ന പ്രവൃത്തികളും ചെലവും സംബന്ധിച്ച് വിശദമാക്കാമോ ;

(സി) തമ്പാനൂരിലെ ബഹുനില മന്ദിരത്തിന്റെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ; പ്രസ്തുത മന്ദിരത്തിലെ മൊത്തം വാണിജ്യ സൗകര്യങ്ങളിൽ എത്ര ശതമാനം ഇപ്പോഴും ഉപയോഗിക്കപ്പെടാതെ കിടക്കുന്നുണ്ട് ; അവ വാടകയ്ക്ക് നൽകാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly